പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2801

12.03.2018-ൽ മറുപടിക്ക്

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ<br>,, കെ.ജെ. മാക്സി<br>,, സി.കൃഷ്ണൻ<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സമുദ്ര മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കടൽ മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട് |
| (ബി) | എങ്കിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ-റാഞ്ചിംഗ് പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്താൻ കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതിയും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാൻ കൂടുകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ അനുവദനീയമല്ലാത്ത മത്സ്യബന്ധനരീതികളും വലയും ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് കടലിൽ പട്രോളിംഗ് നടത്തി വരുന്നു. ഭൂരിഭാഗം മത്സ്യങ്ങളുടെയും പ്രജനന കാലമായ മൺസൂൺ കാലത്ത് മേയ് മാസം 15-ാം തീയതി മുതൽ ജൂൺ 30 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നു ണ്ട് മത്സ്യബന്ധന സമ്മർദ്ദം, വിഭവ ശോഷണം എന്നിവ കുറക്കുന്നതിന് എഞ്ചിനുകളുടെ ശേഷി, വലകളുടെ വലിപ്പം, കണ്ണി വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടു ണ്ട് |
| (സി) | അൻപത്തിയെട്ട് ഇനം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശം നൽകാമോ; | (സി)<br>&<br>(ഡി) | 58 ഇനം മത്സ്യങ്ങളുടെ കാര്യത്തിൽ കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് നിയമം മൂലം നിരോധിച്ചിട്ടു ണ്ട്. അതുപോലെ പ്രധാനപ്പെട്ട മത്സ്യബന്ധന വലകൾക്ക് കുറഞ്ഞ കണ്ണിവലിപ്പം നിഷ്ക്കർഷിച്ചിട്ടു ണ്ട് കെ.എം.എഫ്.ആർ.എ യിൽ വരുത്തിയ ഭേദഗതിക്കു ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗ ണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുകയും ചെയ്യുന്നതിനാൽ കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നതു തടയാൻ വലിയ ഒരളവുവരെ സാധിച്ചി ട്ടുണ്ട് കൂടാതെ അനധികൃത മത്സ്യബന്ധനം, നിയമലംഘനം, പിഴ എന്നിവ സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ നൽകുകയും മത്സ്യത്തൊഴിലാളി |
| (ഡി) | മത്സ്യത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും വളത്തിനുമായി മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിക്കുന്നതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവല്ക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യകുഞ്ഞുങ്ങളെയും മുട്ടകളെയും പിടിക്കുന്നത് വഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു ണ്ട് ഇത്തരം നടപടികളിലൂടെ ചെറിയകണ്ണി വലിപ്പമുള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയാൻ കഴിഞ്ഞിട്ടു ണ്ട് |

സെക്ഷൻ ഓഫീസർ